**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3582** **26-10-2021 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷിക്കാരുടെ പി.എസ്.സി നിയമനത്തിലെ റൊട്ടേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള ആദ്യത്തെ അഡ്വൈസ് ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനുള്ള സാഹചര്യം വ്യക്തമാക്കാമോ; മന്ത്രിസഭയുടെ അനുമതിയോടു കൂടിയാണോ പി.എസ്.സി. അഡ്വൈസിന്റെ റൊട്ടേഷൻ വ്യവസ്ഥയിൽ ഇപ്രകാരം മാറ്റം വരുത്തിയത്; അറിയിക്കാമോ; | (ബി) | ( ബി ) ബഹു.സുപ്രീം കോടതിയുടെ SLP No.14889 of 2009-ലെയും Civil Appeal No.9096/2013-ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി വിധികളുടെയും കേരള പബ്ലിക് സർവീസ് കമ്മീഷന്റെയും അഭിപ്രായത്തിന്റെയും കേന്ദ്ര സർക്കാർ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും വെളിച്ചത്തിൽ സർക്കാർ / അർദ്ധ സർക്കാർ/ സ്വയം ഭരണ സ്ഥാപനങ്ങൾ / യൂണിവേഴ്സിറ്റികൾ / സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ / പൊതു മേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്കായുള്ള നൂറു പോയിന്റ് റിസർവേഷൻ റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് റ്റേണുകൾക്ക് പകരമായി 1, 34, 67 എന്നീ ഔട്ട് ഓഫ് റ്റേണുകൾ നിശ്ചയിച്ചും കൊണ്ടാണ് G O (P) No: 8/17/SJD dated 6.5.2017 ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത്. മന്ത്രിസഭയുടെ അനുമതി തേടിയിട്ടില്ല. |
| (സി) | തസ്തികകളുടെ കേഡർ സ്ട്രെംഗ്ത് പരിഗണിക്കാതെയാണോ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്; കേഡർ സ്ട്രെംഗ്ത് ഒന്ന് മാത്രമുള്ള തസ്തികകളുടെ റാങ്ക് ലിസ്റ്റിലെ ഒന്നാം റാങ്കുകാരന് പോലും ഇതു മൂലം നിയമനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നടപടിക്രമം പുനഃപരിശോധിക്കാനോ കേഡർ സ്ട്രെംഗ്ത് കൂടി പരിഗണിച്ച് മാറ്റം | (ഡി) | നിലവിൽ പരിഗണനയിലില്ല . |

| | | | |
|---|---|---|---|
| | വരുത്താനോ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

10545
9/5/17

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-അംഗപരിമിതർക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(പി)നം.8/17/സാ.നീ.വ തിരുവനന്തപുരം, തീയതി 6.5.2017

പരാമർശം:-
1. 14.7.2008 ലെ G.O(P)No.20/98/P & ARD നമ്പർ ഉത്തരവ്
2. 19.7.2008 ലെ സ.ഉ(പി)നം.46/2008/സാ.ക്ഷേ.വ നമ്പർ ഉത്തരവ്
3. 24.1.2011 ലെ സ.ഉ(പി)നം.7/2011/സാ.ക്ഷേ.വ നമ്പർ ഉത്തരവ്
4. പി.എസ്.സി യുടെ 30.8.2016 ലെ A VIII(1)4068/03/GW നമ്പർ കത്ത്
5. OM.No.36035/3/2004/Estt (Res) dated 29.12.2005 of Ministry of Personnel, Public Grievances & Pensions, Department of Personnel , Government of India
6. 16.12.2016 ലെ OA.No.2499/16 ന്റെ വിധിന്യായം
7. OA(EKM)No.654/2015, OA(EKM)No.539/2016 തുടങ്ങി സമാന കേസുകളിലെ വിധിന്യായങ്ങൾ

## ഉത്തരവ്

1995 ലെ PWD Act വകുപ്പ് 33 അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ ക്ലാസ്സ് 3, 4 നിയമനങ്ങളിൽ 3% സംവരണം ഭിന്നശേഷിക്കാർക്ക് ഉറപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 2 പ്രകാരം പി.എസ്.സി റാങ്ക് ലിസ്റ്റിലെ സംവരണ പോയിന്റുകൾ 33,66,99 എന്നാക്കി നിശ്ചയിച്ചുകൊണ്ടും (i) Blind or Low vision (ii) Hearing impairment (iii) Locomotor disability or cerebral palsy എന്നീ വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാർക്കായി നീക്കിവച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1.1.2004 മുതൽ 31.12.2007 വരെയുള്ള കാലയളവിലെ ബാക്ക് ലോഗ് കണ്ടെത്തി സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ അംഗപരിമിതരുടെ നിയമനം നടത്താൻ പി.എസ്.സിയെ ചുമതലപ്പെടുത്തി പരാമർശം 3 പ്രകാരം ഉത്തരവായിരുന്നു.

പരാമർശം ആറിലെയും ഏഴിലെയും വിധിന്യായത്തിൽ അംഗപരിമിതർക്ക് 3% സംവരണം ഉറപ്പു വരുത്തി 1996 മുതലുള്ള ബാക്ക് ലോഗ് വേക്കൻസികൾ കണ്ടെത്തുവാനും 33, 66, 99 എന്ന റോസ്റ്റർ പോയിന്റിൽ മാറ്റം വരുത്തി 1, 34, 67 എന്നാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊള്ളുവാൻ നിർദ്ദേശിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു:സുപ്രീംകോടതിയുടെ SLP.No.14889 of 2009 ലെയും Civil Appeal No.9096/2013 ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി വിധികളുടെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെയും സൂചന 5 ലെ കേന്ദ്ര സർക്കാരിന്റെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും വെളിച്ചത്തിൽ സർക്കാർ/അർദ്ധ സർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ

നിയമനങ്ങളിൽ നിലവിൽ ഭിന്നശേഷിക്കാർക്കായുള്ള 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിലെ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും PWD Act നിലവിൽ വന്ന തീയതിയായ 7.2.1996 മുതൽ അംഗപരിമിതർക്ക് കേഡർ സ്ട്രെങ്ങ്തിന്റെ 3% സംവരണത്തിന് അംഗീകാരം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി വിഷയം സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
മിനി ആന്റണി ഐ.എ.എസ്
സ്പെഷ്യൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയം, ബ്രാഞ്ച് ഓഫീസ്, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും
എല്ലാ അർദ്ധ സർക്കാർ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ/ സർക്കാരിൽ നിന്നും ഏതെങ്കിലും തരത്തിൽ സാമ്പത്തിക സഹായം കൈപ്പറ്റുന്ന സ്ഥാപനങ്ങളിലെ അദ്ധ്യക്ഷന്മാർക്കും
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ